# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2732 — 14.02.2013 ൽ മറുപടിയ്ക്ക്

### കുഴൽക്കിണറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തനരഹിതമായ കുഴൽക്കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും പദ്ധതി യുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 2012-13-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പ്രവർത്തനരഹിതമായ കുഴൽ കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (ബി) | ഇതിന്റെ പ്രധാന ഉദ്ദേശലക്ഷ്യം വരൾച്ചാ ബാധിതപ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ; | (സി) | പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്തെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ താൽക്കാലിക പരിഹാരം ലഭിക്കും. |
| (ഡി) | ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ? | (ഡി) | ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി / ഭൂജല വകുപ്പ് ഡയറക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി / രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് തന്നെ പദ്ധതികൾ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ